പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2243 | 5/12/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | മായം ചേർന്ന വെളിച്ചെണ്ണ വിപണിയിൽ സജീവമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾക്ക് കാരണമാകുന്ന കർണർ ഓയിൽ ചേർത്ത് വെളിച്ചെണ്ണ വിൽപന നടത്തുന്നത് കണ്ടെത്തിയിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് തടയാനും, ഗുണനിലവാരം പരിശോധിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കമോ? | സി) | വെളിച്ചെണ്ണയിൽ മായം കലർന്നത് പരിശോധിക്കുന്നതിനായിമാത്രം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ ഉൽപാദനവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുക്കൾ മുതൽ ഭക്ഷ്യ എണ്ണ ഉൽപാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തര പരിശോധനകൾ നടത്തിവരുന്നുണ്ട്. 2018 വർഷത്തിൽ മാത്രം 96 ഇനം മായം കലർന്ന വെളിച്ചെണ്ണ ബ്രാൻഡുകൾ കേരളത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ